(സി) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ&ബി) ഭക്ഷണ വിപണന കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായോ വില നിരക്ക് നിയന്ത്രിക്കുന്നതിനായോ നിലവിൽ നിയമം ഒന്നുംതന്നെ ഇല്ല. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായുള്ള നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറായിവരുന്നു.

(സി) 3-1-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 02/2014/ടൂറിസം പ്രകാരം വിനോദ സഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസ്, യാത്രി നിവാസ്, കേരളാ ഹൗസ് എന്നിവിടങ്ങളിൽ പാകംചെയ്ത ഭക്ഷ്യവസ്തുക്കൾക്ക് വില ഏകീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.റ്റി.ടി.സി., ഡി.റ്റി.പി.സി. എന്നീ സ്ഥാപനങ്ങൾ ഫുഡ് സേഫ്റ്റി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്.

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം

17 (*107) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് പ്രതികൂലമായി നിലനിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) എന്നു മുതലാണ് ഭക്ഷ്യസുരക്ഷാ നിയമം രാജ്യത്ത് നടപ്പിലാക്കി തുടങ്ങിയത് എന്നും ഏതൊക്കെ സംസ്ഥാനങ്ങൾ ഇതേ വരെ അത് പൂർണ്ണമായി നടപ്പാക്കി എന്നും അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ കേന്ദ്രം എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചു നൽകിയിട്ടുള്ളത് ; അവ പാലിക്കാനുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത നിയമം എപ്പോൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് മുന്നോടിയായി അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുക, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരുത്തരുതെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു തീരുമാനം കേന്ദ്രസർക്കാർ ഇതുവരെ അറിയിച്ചിട്ടില്ല.

(ബി) 2013 ജൂലൈ മാസം 5-ാം തീയതിയാണ് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നത്. ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, ഹരിയാന, രാജസ്ഥാൻ, പഞ്ചാബ്, ബീഹാർ, ഡൽഹി, ഹിമാചൽപ്രദേശ്, കർണ്ണാടക, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ നിയമം 2013 പ്രകാരമുള്ള മുൻഗണനാ വിഭാഗത്തെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം 7-7-2014-ലെ സ.ഉ(കൈ) നം. 21/14/ഭ.സി.സ.വ. പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. NFSA പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ സംഭരണശാലകൾ ആവശ്യമുണ്ട്. നിലവിലെ അംഗീകൃത മൊത്തവ്യാപാര ശാലകളുടെ സംഭരണ ശേഷി ഇതിന് പര്യാപ്തമല്ല. അതിനാൽ ദീർഘകാല അടിസ്ഥാനത്തിൽ ഭൂമി ലഭ്യമാക്കി സംഭരണ ശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഡിജിറ്റലൈസേഷനുവേണ്ടി വിവരശേഖരണം നടത്തിവരുന്നു. Supply Chain Management-നുള്ള എൻ.ഐ.സി.-യുടെ Common Application Software കേരളത്തിനുവേണ്ടി പാകപ്പെടുത്തി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. NFSA-യുടെ 14-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പരാതി പരിഹാര സംവിധാനത്തിനായുള്ള നടപടികൾ നടന്നുവരുന്നു. കാൾ സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ DGRO-മാരെയും സംസ്ഥാനതലത്തിൽ ഫുഡ് കമ്മീഷനേയും നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ജില്ലാ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ്

18 (*108) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജില്ലാ റോഡുകളുൾപ്പെടെയുള്ള റോഡുകളിൽ ഉപരിതലം പുതുക്കുമ്പോൾ പരമാവധി റബ്ബറൈസ്ഡ് ടാറിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സെൻട്രൽ റോഡ് ഫണ്ട് (CRF) സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജില്ലാ റോഡുകൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. കെ.എസ്.റ്റി.പി. മുഖേന നടത്തുന്ന ബി.എം.&ബി.സി. പ്രവൃത്തികളിൽ ബി.സി. ചെയ്യുമ്പോൾ പരമാവധി എൻ.ആർ.എം.ബി. (നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, സംസ്ഥാന ഹൈവേ ഇംപ്രൂവ്മെന്റ് പ്രോജക്ട് തുടങ്ങിയവയുടെ പ്രവൃത്തികൾക്കും NRMB ഉപയോഗിക്കുന്നതിന് തീരുമാനം എടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly